**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **30-09-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥി സംഘടനാ നേതാക്കളെ മുഖംമൂടിയും കൈവിലങ്ങും ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പ്രമുഖ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ തൃശ്ശൂർ ജില്ലാ വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള പ്രവർത്തകരെ മുഖംമൂടിയും കൈവിലങ്ങും ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് സർവകലാശാല ഡി-സോൺ കലോത്സവവുമായി ബന്ധപ്പെട്ട് കിള്ളിമംഗലം കോളേജിലും മാള കോളേജിലും ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം നടന്നിരുന്നു.<br><br>ഈ സംഭവത്തെ തുടർന്ന് 19.08.2025ന് ഗണേഷ് എന്നയാൾ ഉൾപ്പെടെ ഏഴുപേർ ചേർന്ന് രണ്ടു വിദ്യാർത്ഥികളെ തലയ്ക്കടിച്ചും മറ്റും ദേഹോപദ്രവം ഏൽപ്പിക്കുകയും പണവും മൊബൈൽ ഫോണും കവരുകയും ചെയ്തുവെന്ന മൊഴിയുടെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2025 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. സംഭവത്തിനു ശേഷം ഒളിവിൽപോയ ഗണേഷ് ഉൾപ്പെടെയുള്ള മൂന്നു പേരെ 11.09.2025 ന് കൊയിലാണ്ടിയിൽ നിന്നും അറസ്റ്റ് ചെയ്യുകയുണ്ടായി.<br><br>പോലീസ് റിപ്പോർട്ട് പ്രകാരം അക്രമത്തിൽ പരിക്കേറ്റ ഒരു വിദ്യാർത്ഥി, പ്രതികളെ മുൻപരിചയമില്ലെന്നും കണ്ടാൽ തിരിച്ചറിയാമെന്നും മൊഴി നൽകിയതിനാൽ പ്രതികളെ പൊതുമണ്ഡലത്തിൽ തിരിച്ചറിയാതിരിക്കാൻ മുഖംമൂടി ധരിപ്പിച്ചാണ് കോടതിയിൽ ഹാജരാക്കിയത്.<br><br>ബഹു. കോടതി പ്രതികളെ റിമാൻഡ് ചെയ്തിട്ടുള്ളതും, ഐഡന്റിഫിക്കേഷൻ പരേഡ് നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്.<br><br>വിദ്യാർത്ഥികളെ വിലങ്ങ് വെച്ചതായി പരാതിയുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളെ വിലങ്ങ് വെച്ചിട്ടുണ്ടെങ്കിൽ ആ നടപടിയോട് സർക്കാരിന് യോജിപ്പില്ല. |

| | | | |
|---|---|---|---|
| | | | ഈ സംബന്ധിച്ച് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തുവാനും അന്വേഷണവിധേയമായി സ്റ്റേഷൻ ഹൗസ് ഓഫീസറെ പോലീസ് ആസ്ഥാനത്തേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |
| (ബി) | കൈവിലങ്ങ് ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കുന്നതിനെതിരെ സുപ്രീംകോടതിയുടെ പരാമർശം ഉണ്ടായ സാഹചര്യത്തിൽ പോലീസിന്റെ പ്രസ്തുത നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ഈ സംഭവത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച ശിക്ഷാനടപടികൾ വിശദമാക്കാമോ? | (സി) | ഈ സംബന്ധിച്ച് ബഹു. ജെ.എഫ്.സി. എം വടക്കാഞ്ചേരി കോടതിയിൽ നിന്ന് തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് 15.09.2025 ന് കത്ത് ലഭിച്ചിട്ടുള്ളതും കുന്നംകുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് അന്വേഷിച്ചു വരുന്നതുമാണ്.<br><br>പോലീസ് ആസ്ഥാനത്തേക്ക് ലഭിച്ച മറ്റൊരു പരാതിയിന്മേൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തി നടപടി സ്വികരിക്കുന്നതിനായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ